**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6621** **09.07.2014 ലെ മറുപടിയ്ക്ക്**

**സർക്കാർ നിയന്ത്രണത്തിലുള്ള ധനകാര്യ സ്ഥാപനങ്ങൾ**

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീമതി. കെ. കെ. ലതിക :** | **ശ്രീ. കെ.എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** |
| (എ) കെ.എസ്.എഫ്.ഇ., കെ.എഫ്.സി എന്നിങ്ങനെ സർക്കാർ നിയന്ത്രണത്തിലുള്ള ധനകാര്യ സ്ഥാപനങ്ങളിൽ സർക്കാരിനുള്ള നിയന്ത്രണാധികാരങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ; | (എ) കെ.എസ്.എഫ്.ഇ-യുടെ ഉടമസ്ഥാവകാശം പൂർണ്ണമായും കേരള സർക്കാരിൽ നിക്ഷിപ്തമാണ്. ചെയർമാൻ, മാനേജിംഗ് ഡയറക്ടർ, ഡയറക്ടർ ബോർഡംഗങ്ങൾ തുടങ്ങിയവരെ നിശ്ചയിക്കുന്നത് സംസ്ഥാന സർക്കാരാണ്. ഈ ഡയറക്ടർ ബോർഡാണ് കെ.എസ്.എഫ്.ഇ.യുടെ നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നത്. ദൈനംദിന കാര്യങ്ങളുടെ ചുമതല സർക്കാർ നിയമിച്ച മാനേജിംഗ് ഡയറക്ടറാണ് നിർവ്വഹിക്കുന്നത്. ഡയറക്ടർ ബോർഡ് അംഗീകരിച്ച് പാസ്സാക്കിയ അതാത് വർഷത്തെ ബിസിനസ്സ് ബഡ്ജറ്റ്, ക്യാപിറ്റൽ എക്സ്പെൻഡീച്ചർ ബഡ്ജറ്റ്, വരവ് ചെലവുകളുടെ ബഡ്ജറ്റ് മുതലായവയ്ക്കും സർക്കാർ അംഗീകാരം ആവശ്യമാണ്. ഈ അംഗീകരത്തിനു വിധേയമായാണ്. കെ.എസ്.എഫ്.ഇ. പ്രവർത്തിക്കുന്നത് ദീർഘകാല സേവന വേതന വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനും പുതിയ ശാഖകൾ, പുതിയ തസ്തികകൾ എന്നിവ സൃഷ്ടിക്കുന്നതിനും സർക്കാരിൻെറ അംഗീകാരം ആവശ്യമാണ്. |

സ്റ്റേഷനറി, പ്രിന്റിങ്, പർച്ചേയ്സ് തുടങ്ങിയ കാര്യങ്ങൾ ഗവൺമെന്റിൻെറ സ്റ്റോർ പർച്ചേയ്സ് നിയമാവലി അനുസരിച്ചാണ് ചെയ്യുന്നത്.

കേരള ഫിനാൽഷ്യൽ കോർപ്പറേഷന്റെ പ്രധാനപ്പെട്ട ഓഹരി ഉടമ കേരള സർക്കാരാണ്. കേരള സർക്കാരിന് കോർപ്പറേഷനിലുള്ള ഓഹരി പങ്കാളിത്തം 97.06% ആണ്. കോർപ്പറേഷനിലെ സുപ്രധാന തീരുമാനങ്ങളെല്ലാം സർക്കാരിന്റെ അനുമതിയോടെയാണ് എടുക്കുന്നത്.

(ബി) ടി സ്ഥാപനങ്ങളിൽ ഏതൊക്കെയാണ് ബാങ്കിംഗ് ബിസിനസ്സ് നടത്തുന്നത് എന്ന് വ്യക്തമാക്കുമോ ;

(സി) ടി സ്ഥാപനങ്ങൾ എന്തെല്ലാം ബാങ്കിംഗ് ബിസിനസ്സുകളാണ് നടത്തി വരുന്നതെന്ന് വ്യക്തമാക്കുമോ?

(ബി) & (സി) കെ.എസ്.എഫ്.ഇ.യുടെ പ്രധാന ബിസിനസ്സ് ചിട്ടി ആണെങ്കിലും സർക്കാരിൻെറ പ്രത്യേക അനുമതിയോടെ സ്ഥിരനിക്ഷേപം, ഹ്രസ്വകാല നിക്ഷേപം, ചിട്ടി സെക്യൂരിറ്റി നിക്ഷേപം, സുഗമ നിക്ഷേപം മുതലായ നിക്ഷേപ പദ്ധതികളും സ്വർണ്ണപണയ വായ്പ, വ്യക്തിഗത വായ്പ, ഭവന വായ്പ, വിദ്യാഭ്യാസ വായ്പ, ചിട്ടി വായ്പകൾ, ഗൃഹോപകരണ - വാഹന വായ്പകൾ, ഹരിതം വായ്പ മുതലായ വായ്പാ പദ്ധതികളും നടപ്പിലാക്കി വരുന്നു.

ബാങ്കിംഗ് ഇതര സ്ഥാപനമായ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായങ്ങൾക്കും നിർമ്മാണ, റിയൽ എസ്റ്റേറ്റ് മേഖലകൾക്കും വായ്പ നൽകി വരുന്നു.

സെക്ഷൻ ഓഫീസർ.